II.ഇ.ബി. XII--കേരള നിയമസഭ/VI- 5

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

29 (*121) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 2007-08-ൽ ആഗസ്റ്റ് 31 വരെ വൈദ്യുതിയുടെ പ്രതിദിന ശരാശരി ഉൽപ്പാദനം 27 ദശലക്ഷം യൂണിറ്റും പ്രതിദിന ഉപഭോഗം 40.57 ദശലക്ഷം യൂണിറ്റുമാണെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യം കണക്കിലെടുത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്:

അടുത്ത നാല്വർഷത്തിനുള്ളിൽ മൊത്തം 470.90 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

കൽക്കരി സമൃദ്ധമായ ഒറീസ്സയിൽ ബൈതരണിയിൽ ഒരു കൽക്കരി പാടം ഒറീസ്സ ഗുജറാത്ത് സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും അനുവദിച്ച് കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

ഇതുപയോഗിച്ച് 1000 മെഗാവാട്ടിന്റെ ഒരു താപനിലയം സ്ഥാപിക്കുവാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കാറ്റിൽനിന്നുള്ള വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് രാമക്കൽമേട്ടിലും അട്ടപ്പാടിയിലും വിന്റ് ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

35 വർഷം പഴക്കം ചെന്ന നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം (റിനോവേഷൻ), നവീകരണം (മോഡണൈസേഷൻ), സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ (അപ്പ്റേറ്റിംഗ്), പ്രവർത്തനകാലം ദീർഘിപ്പിക്കൽ (ലൈഫ് എക്സ്റ്റൻഷൻ) എന്നീ ജോലികൾ നടത്തിവരുന്നുണ്ട്.

കായംകുളം താപനിലയത്തിന്റെ ശേഷി ദ്രവീകൃത പ്രകൃതിവാതകം (എൽ.എൻ.ജി) ഉപയോഗിച്ച് നിലവിലുള്ള 306 മെഗാവാട്ടിൽ നിന്ന് 2300 മെഗാവാട്ടായി ഉയർത്താനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇന്ധനത്തിന് താങ്ങാനാവാത്ത വിലക്കയറ്റംമൂലം വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയാതിരിക്കുന്ന കായംകുളം താപനിലയം, ബി.എസ്.ഇ.എസ്. താപനിലയം കാസർഗോഡ് താപനിലയം, കോഴിക്കോട് ഡീസൽ നിലയം, ബ്രഹ്മപുരം ഡീസൽ നിലയം, എന്നിവയ്ക്ക് എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി താങ്ങാവുന്ന വിലയ്ക്ക് നാഫ്തയും എൽ.എസ്. എച്ച്.എസ്സും (ലോസൾഫർ ഹെവി സ്റ്റോക്ക്) ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ പരമാവധി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്തു് നടപ്പാക്കുന്ന മീൻവല്ലം (3MW) കോഴിക്കോട് ജില്ലാ പഞ്ചായത്തു് നടപ്പാക്കുന്ന അരിപ്പാറ (3.5 MW), വിയ്യാറ്റ് പവർ ലിമിറ്റഡ് നടപ്പാക്കുന്ന ഇരുട്ടുക്കാനം എന്നിവയുടെ പ്രവർത്തനം നടന്നുവരുന്നു.

ഇപ്പോഴുള്ള ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ആഗ്മെന്റേഷൻ പദ്ധതികളും എക്സ്റ്റൻഷൻ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

അടുത്ത പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, സർവ്വേകൾ,

ഡിസൈൻ തയ്യാറാക്കൽ എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഊർജ്ജ സംരക്ഷണത്തിലൂടെ ഉണ്ടാവുന്ന വൈദ്യുതി ലാഭം വൈദ്യുതി ഉല്പാദനം പോലെ തന്നെ പ്രധാനമാണ്. കഴിഞ്ഞ സാമ്പത്തികവർഷം എനർജി മാനേജുമെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന എനർജി ഓഡിറ്റിംഗ് പ്രവർത്തികളിലൂടെ 8 MW-ന് തുല്യമായ വൈദ്യുതി ലാഭിക്കാനായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പ്ലാനിംഗ് ബോർഡിന്റെ ഒരു ഫ്ളാഗ്ഷിപ്പ് പ്രോജക്ട് എന്ന നിലയിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അനർട്ട്, ഇ.എം.സി. തദ്ദേശഭരണ സ്ഥാപനങ്ങൾ,. കെ.എസ്.ഇ.ബി. തുടങ്ങിയവയുടെ സഹകരണത്തോടെ ഊർജ്ജ സംരക്ഷണം പാരമ്പര്യേതര സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, ബയോഗ്യാസ് പ്ളാന്റുകൾ ബയോഗ്യാസിഫയറുകൾ എന്നിവയിലൂടെ വികേന്ദ്രീകൃതമായ വൈദ്യുതി ഉൽപ്പാദനം എന്നിവയാണ് മിഷൻ മുഖാന്തിരം ലക്ഷ്യമിടുന്നത്.

ഇപ്പോൾ പണി നടന്നുവരുന്ന നേര്യമംഗലം (25 മെഗാവാട്ട്) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം (100 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്) കുറ്റ്യാടി ടെയിൽ റേസ് (3.75 മെഗാവാട്ട്) എന്നീ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഭരണാനുമതി ലഭിച്ച പദ്ധതികൾ എത്രുയുംവേഗം ടെൻഡർ ചെയ്യുന്നതിനും, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായ പദ്ധതികൾക്കും എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു:

നേര്യമംഗലം (25 മെഗാവാട്ട്)

. കുറ്റ്യാടി ടെയിൽ റേസ് (3.75) മെഗാവാട്ട്

ഇടുക്കി ആഗ്മെന്റേഷൻ സ്കീമായ കുറ്റിയാർ ഡൈവർഷൻ സ്കീം (37 മില്യൺ യൂണിറ്റ്)

കാറ്റിൽനിന്ന് രണ്ട് പദ്ധതികളിലായി (രാമക്കൽമേട്-ഇടുക്കി, അട്ടപ്പാടി-പാലക്കാട്) ഈ വർഷം 17 MW പദ്ധതി പൂർത്തീകരിക്കും

കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം (100 MW) ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. എന്നാൽ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസവും, കാലവർഷക്കെടുതിയും കാരണം അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. അടുത്ത പത്തുവർഷക്കാലം സംസ്ഥാനത്ത് പവ്വർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടാകാത്ത നിലയിലുള്ള നടപടികൾക്കാണ് ഈ ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. നാല് വർഷത്തിനിടയിൽ ആറ് വലതും 17 ചെറുതുമായ 23 പദ്ധതികൾവഴി 470.9 മെഗാവാട്ട് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിരപ്പിള്ളി പദ്ധതിക്ക് മൂന്നാമത്തെ പ്രാവശ്യമാണ് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് അനുമതി നൽകിയിട്ടുള്ളത്. യുദ്ധകാലാടിസ്ഥാനത്തിൽ പണി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ വർഷം കേന്ദ്ര പൂളിൽനിന്നും കിട്ടിയ സഹായം കുറയുകയും ഉപഭോഗം കൂടുകയും ചെയ്തു. 1996 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് വൻപിച്ച പ്രാധാന്യം നൽകിയതിന്റെ ഭാഗമായി 18 ചെറുകിട ജലസേചന

പദ്ധതികൾ ചൈനീസ് സാങ്കേതിക സഹായത്തോടെ നടപ്പാക്കാൻ എം.ഒ.യു. ഒപ്പുവച്ചു. അതിൽ 4 പദ്ധതികൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു. ശേഷിക്കുന്ന 14 പദ്ധതികൾ ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കാൻ കഴിയുമോയെന്ന കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുകയാണ്. ചൈനീസ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ യുനിഡോ, ഇൻഷി എന്നിവയുടെ സംയുക്തമായ ആഭിമുഖ്യത്തിൽ ഏറ്റവും നല്ല സാങ്കേതിക വിദ്യ ലഭ്യമാക്കാൻ സാധിച്ചാൽ രണ്ടുവർഷംകൊണ്ട് 86 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 14 പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കും. ഈ ഗവൺമെന്റ് പാരമ്പര്യേതര ഊർജ്ജ മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ഇടുക്കി രാമക്കൽമേട്ടിൽ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 9.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതിയും അട്ടപ്പാടിയിൽ 7.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതി ഈ മാസവും പൂർത്തീകരിക്കാൻ പോവുകയാണ്. 600 മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്നും ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. നാഫ്തക്ക് ഏർപ്പെടുത്തിയിട്ടുള്ള എക്സൈസ് ഡ്യൂട്ടി എക്സംപ്റ്റ് ചെയ്യുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യും റവന്യൂ വകുപ്പും സുനാമി ബാധിത പ്രദേശങ്ങളിൽ പ്രഖ്യാപിച്ച നടപടികളിൽ യാതൊരു മാറ്റവും വരുത്തുകയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം ബോർഡിന് 1848 കോടി രൂപ കുടിശ്ശികയായിട്ടുള്ളതിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും

1154 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും 658 കോടി രൂപയും ലഭിക്കാനുണ്ട്. ബോർഡിന് ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ളത് വാട്ടർ അതോറിറ്റിയാണ്. കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. സ്മാർട്ട്സിറ്റി, വല്ലാർപ്പാടം ടെർമിനൽ ട്രാൻസ്ഷിപ്മെന്റ്, അണ്ടർഗ്രൗണ്ട് റെയിൽ തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിലേയ്ക്കായി 500 മെഗാവാട്ട് വൈദ്യുതി എറണാകുളം ജില്ലയ്ക്ക് വേണ്ടിവരും. വൈദ്യുതി ലൈൻ വലിക്കുന്നത് പൂർത്തീകരിച്ചാൽ കൂടംകുളം പദ്ധതിയുടെ പ്രശ്നം ശാശ്വതമായി പരിഹരിക്കാനാകും. എച്ച്.ടി. ലൈനുകൾക്ക് ആനുപാതികമായി എൽ.ടി. ലൈനുകൾ ഇല്ലാത്തതുകൊണ്ടാണ് ഗ്രാമപ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നത്. ഇപ്പോൾ ഉള്ള 1:8 അനുപാതം കുറച്ചുകൊണ്ടുവരാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം ഏറ്റവും നല്ല രീതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നടത്തിയ പതിനേഴാമത് പവ്വർ സർവ്വേ പ്രകാരം 1500 മെഗാവാട്ട് വൈദ്യുതി അടുത്ത അഞ്ചുവർഷംകൊണ്ട് ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ കടുത്ത പ്രതിസന്ധിയുണ്ടാകുമെന്നതിനാലാണ് 1500 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. 2005 ഫെബ്രുവരി മാസത്തിൽ പ്രധാനമന്ത്രി ഉത്ഘാടനം ചെയ്ത കായംകുളം വിപുലീകരണ പദ്ധതിക്ക് അടിയന്തിരമായി എൽ.എൻ.ജി. ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ്

ഉറപ്പുനൽകിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽപ്പെടുന്ന വൈദ്യുത പദ്ധതികൾക്ക് 1500 മെഗാവാട്ടിലും കൂടുതൽ വൈദ്യുതി ആവശ്യമാണ്. ഇപ്പോൾ ഗവൺമെന്റിന്റെ മുൻപിലുള്ള 111-ഓളം ഇടത്തരം ചെറുകിട പദ്ധതികളിൽ ടിൻകില്ലാർ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ചിമ്മിനി ഡാമിൽനിന്നുള്ള ജലവൈദ്യുത പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. സ്വകാര്യമേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കരാർ പ്രകാരം ഡാമുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്. തൃശ്ശൂർ കോർപ്പറേഷനിലെ വൈദ്യുതി വിതരണം പൂർണ്ണമായി കോർപ്പറേഷനുതന്നെയാണ് വിട്ടുകൊടുത്തിരിക്കുന്നത്. ഏതെങ്കിലും ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. വൈദ്യുതി മോഷണം കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി. നടത്തിയ ഇടപെടലിലൂടെ ഏറ്റവും കൂടുതൽ തുക കഴിഞ്ഞ വർഷം റിലീസ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഗവൺമെന്റ് വലിയ പ്രാധാന്യമാണ് നൽകുന്നത്. പീക്ക് ലോഡ് സമയത്ത് വൈദ്യുതി ലാഭിക്കുന്നതിനായി സി.എഫ്. ലാമ്പുകൾ എല്ലാ വീടുകളിലും ഉപയോഗിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ബ്യൂറോ ഓഫ് എനർജി എഫർട്ട് സംവിധാനം പ്രയോജനപ്പെടുത്തി കേരളത്തിൽ നടപ്പാക്കും. ബോർഡിന്റെ സാമ്പത്തിക ബാധ്യതയെ സംബന്ധിച്ചും താരിഫ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ചും ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനുമായി ചർച്ച ചെയ്ത ശേഷം നടപ്പാക്കും. ജനറേഷൻ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന

ഗവൺമെന്റിന്റെ വിഹിതവും കേന്ദ്ര ഗവൺമെന്റിൽനിന്നു ലഭിക്കേണ്ട വിഹിതവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. 11-ാം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് രൂപംകൊടുക്കാൻ പോകുന്ന 12000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 9 അൾട്രാ മെഗാ പവ്വർ പ്രോജക്ടുകളിൽനിന്നും മോശമല്ലാത്ത വിഹിതം കേരളത്തിന് ലഭിക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുന്നതാണ്. ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുത പദ്ധതികൾ പ്രതിപക്ഷവുമായി ചർച്ച ചെയ്ത ശേഷമേ നടപ്പാക്കൂവെന്നും അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ആദിവാസി കുടുംബത്തേയും ഒഴിപ്പിക്കില്ലായെന്നും ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള വനം പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള റിവർ വാലി എക്സ്പെർട്ട് കമ്മിറ്റിയാണ് പരിശോധിക്കുന്നതെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു ആശങ്കയും വേണ്ടെന്നും പദ്ധതിയുമായി മുന്നോട്ടുപോകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

30(*122) <u>മത്സ്യത്തൊഴിലാളികൾക്ക് ആധുനിക ഇൻഫർമേഷൻ സെന്ററുകൾ</u>

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, മൽസ്യത്തൊഴിലാളികൾക്കുവേണ്ടി കേരളത്തിലെ 9 കടലോര ജില്ലകളിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള ഇൻഫർമേഷൻ

സെന്ററുകൾ 'മൽസ്യ വിജ്ഞാന കേന്ദ്രം' എന്ന പേരിൽ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു:.

ഫിഷറീസ് സ്റ്റേഷൻ, വിഴിഞ്ഞം, തിരുവനന്തപുരം

എഫ്.എഫ്.ഡി.എ., നീണ്ടകര, കൊല്ലം

മത്സ്യഭവൻ, ആലപ്പുഴ

ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ, എറണാകുളം

ഫിഷറീസ് ടെക്നിക്കൽ സ്കൂൾ, ചാവക്കാട്, തൃശൂർ

ഫിഷറീസ് ജില്ലാ ഓഫീസ്, പൊന്നാനി

ഫിഷറീസ് സ്റ്റേഷൻ, ബേപ്പൂർ, കോഴിക്കോട്

ഫിഷറീസ് സ്റ്റേഷൻ, കണ്ണൂർ

ഫിഷറീസ് ജില്ലാ ഓഫീസ്, കാസർഗോഡ്

മൽസ്യവിജ്ഞാന കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്:

കമ്പ്യൂട്ടർ സൗകര്യം

ഇന്റർനെറ്റ്

മത്സ്യവകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ വികസന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള പരസ്യ ബോർഡ് സംവിധാനം;

കാലാവസ്ഥ പ്രവചനങ്ങൾ, മൽസ്യലഭ്യത, പ്രകൃതിക്ഷോഭം തുടങ്ങിയ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള പബ്ളിക് അഡ്രസ് സിസ്റ്റം;

മത്സ്യം ലഭ്യമായ മേഖലയെക്കുറിച്ചുള്ള മലയാളത്തിലുള്ള റിപ്പോർട്ട് ദിവസേന പ്രദർശിപ്പിക്കുന്നതിന് വൈറ്റ് ബോർഡ് സംവിധാനം;

മത്സ്യവകുപ്പിന്റെ വിവിധ പദ്ധതികൾ, പ്രവർത്തനങ്ങൾ, അവയുടെ ഓഫീസുകൾ, ബന്ധപ്പെടേണ്ട നമ്പരുകൾ എന്നിവയെക്കുറിച്ചുള്ള മലയാളത്തിലുള്ള ബുക്ക്ലെറ്റുകൾ;

മത്സ്യവകുപ്പും അതിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാകുന്നതിന് ആവശ്യമായ അച്ചടിച്ച ഫോമുകൾ

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുമായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഫിഷറീസ് ഇൻഫർമേഷൻ ഓഫീസർമാരായി ഓരോ മത്സ്യ വിജ്ഞാന കേന്ദ്രത്തിലും നിയമിക്കുന്നതാണ്.

മൽസ്യത്തിന്റെ ലഭ്യതയെ സംബന്ധിച്ചുള്ള വൈറ്റ് ബോർഡ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുടെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ മൽസ്യത്തൊഴിലാളികളുടെ സഹകരണം അത്യാവശ്യമാണ്. അത് ഉറപ്പുവരുത്തിക്കൊണ്ട് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഇൻഡ്യയും യൂറോപ്യൻ രാജ്യങ്ങളുമായി ഉണ്ടാക്കാൻ പോകുന്ന ഉഭയകക്ഷി കരാർ അനുസരിച്ച് 40 ഇനങ്ങളിൽപ്പെട്ട മൽസ്യങ്ങൾ നോൺ സെൻസിറ്റീവ് ലിസ്റ്റിൽപ്പെടുത്തി ഇറക്കുമതി ചെയ്യാനുള്ള നീക്കം തടയുന്നതിനും അവയെ സെൻസിറ്റീവ് ലിസ്റ്റിൽപ്പെടുത്തുന്നതിനും പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. സുനാമി ദുരന്തബാധിത പ്രദേശങ്ങളിലെ മൽസ്യത്തൊഴിലാളികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതിയും അവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ഡിസാസ്റ്റർ മാനേജുമെന്റിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല പ്രവർത്തനവും തീരദേശങ്ങളിലെ എം.എൽ.എ.മാരും മറ്റ് ജനപ്രതിനിധികളും പങ്കെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. വീണ്ടും പരിശോധിച്ച് ഇത് കുറ്റമറ്റതാക്കി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. തീരദേശ മേഖലകളിലെ

സ്കൂളുകളുടെ വികസനം ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ആലപ്പുഴ ജില്ലയിൽനിന്നും ലഭിച്ച പരാതി സംബന്ധിച്ച് ബുധനാഴ്ച കൂടുന്ന മന്ത്രിസഭാ ഉപസമിതിയിൽ ചർച്ച ചെയ്യുന്നതിനുപുറമേ ബന്ധപ്പെട്ട എം.എൽ.എ.മാരുമായും ചർച്ച ചെയ്യുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കി. പെരുമാതുറയിൽ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്ത തീരവനം പദ്ധതിക്ക് എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിക്കുകയും എല്ലാ തീരദേശ ജില്ലകളിലും ഈ പദ്ധതി ഉത്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മൽസ്യബന്ധനത്തിനിടയിൽ തൊഴിലാളികളുടെ രക്ഷാപ്രവർത്തന ങ്ങളിൽ വീഴ്ച വരാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും നിലവിൽ സുഗമമായി പ്രവർത്തിക്കാൻ കഴിയാത്ത മൽസ്യഭവനുകളുണ്ടെങ്കിൽ അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

31 (*123) <u>കേന്ദ്ര നികുതികളുടെ സംസ്ഥാന വിഹിതം സംബന്ധിച്ച്</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശുപാർശ ചെയ്യുന്ന നികുതി വിഹിതം തുടർച്ചയായി കുറഞ്ഞുവരുന്നതാണ് അനുഭവം. പത്താം ധനകാര്യ കമ്മീഷൻ 3.4 ശതമാനം കേരളത്തിന് നികുതിവിഹിതമായി നിശ്ചയിച്ചപ്പോൾ 11-ാം ധനകാര്യ കമ്മീഷനിൽ ഇത് 3.057 ശതമാനമായി. കുറഞ്ഞു. പന്ത്രണ്ടാം

ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് നികുതി വിഹിതം 2.665 ശതമാനമായി കുറഞ്ഞു. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യങ്ങൾ ധനകാര്യ കമ്മീഷനുകളുടെ പരിഗണനാ വിഷയമായി തീരുമാനിക്കാത്തതും ധനകാര്യ കമ്മീഷൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ കേരളത്തിന് അനുയോജ്യമല്ലാത്തതുമാണ്. ഇപ്രകാരം നികുതി വിഹിതം തുടർച്ചയായി കുറയുവാൻ കാരണം. സംസ്ഥാനങ്ങൾക്ക് മൊത്തത്തിൽ കേന്ദ്ര സർക്കാർ നൽകുന്ന വിഹിതം ഗണ്യമായി വർദ്ധിപ്പിക്കണമെന്നാണ് കേരള സർക്കാരിന്റെ അഭിപ്രായം. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളെയും തീർപ്പിനെയും സംബന്ധിച്ചും സംസ്ഥാന സർക്കാർ തന്നെ ആക്ഷേപങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് അതിൽ വരുത്തേണ്ട മാറ്റങ്ങൾ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നികുതിയിനത്തിൽ ധനകാര്യ കമ്മീഷൻ നിശ്ചയിച്ച വിഹിതം കിട്ടുന്നുണ്ടെങ്കിലും അർഹമായ വിഹിതം കിട്ടുന്നില്ലെന്നും കേന്ദ്ര സെയിൽസ് ടാക്സ് ഇല്ലാതാക്കുന്നതുവഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് കേന്ദ്ര സർക്കാർ ചില നികുതിയിനങ്ങൾ സംസ്ഥാനത്തിന് കൈമാറിയിട്ടുണ്ടെന്നും ചില ഇനങ്ങൾ കൂടി കൈമാറുമെന്നും അതുകൊണ്ടും നഷ്ടം തീരുന്നില്ലെങ്കിൽ ക്യാഷ് തന്ന് നഷ്ടം പരിഹരിക്കുമെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

**32 (*125)** ചെക്ക്പോസ്റ്റുകൾ അഴിമതി വിമുക്തമാക്കുവാൻ നടപടികൾ

ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെ കൗണ്ടറുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും കൗണ്ടറുകളിൽ വൈദ്യുതി തടസ്സം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നറിയിച്ചു. വാളയാറിലെ കൗണ്ടറുകൾ പ്രവർത്തിക്കുന്ന കെട്ടിടം എയർകണ്ടിഷൻ ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റിനകത്ത് വേണ്ടത്ര വെളിച്ചം ലഭിക്കുന്നതിനായി വാളയാർ, മഞ്ചേശ്വരം എന്നീ മേജർ ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ്ഫ്ളഡ് ലൈറ്റ് സംവിധാനം ഏർപ്പെടുത്തി. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. താൽക്കാലികമായവ ഒഴികെയുള്ള ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുകയും പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ഓൺലൈൻ ഡേറ്റാ എൻട്രി സമ്പ്രദായം നിലവിൽ വരുകയും ചെയ്തു. പാലക്കാട് വാളയാർ ചെക്ക്പോസ്റ്റ്, ചെക്കിംഗ് യാർഡ് വിപുലീകരണം., ചെക്കിംഗ് പ്ളാറ്റ്ഫോമിന്റെ പുനരുദ്ധാരണം, നാഷണൽ ഹൈവേ സൈഡിൽ നികുതി വിധേയമല്ലാത്ത ചരക്ക് കടത്തുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിന് റോഡ് പുനരുദ്ധാരണ പണികൾ എന്നിവ ചെയ്ത് സജ്ജമാക്കി. ഉപയോഗശൂന്യമായ ടോയിലറ്റ്, ബാത്ത്റൂം, വാട്ടർ ടാങ്ക് ഇവ പൊളിച്ചുനീക്കി പുതിയവ പണിയുന്നതിനുള്ള നടപടികൾ എടുത്തു. തടസ്സമില്ലാതെ വൈദ്യുതി വിതരണം ലഭ്യമാക്കുന്നതിന് പ്രത്യേക ലൈൻ എടുക്കുന്ന

നടപടികൾ പൂർത്തിയായി. കൂടാതെ ഇൻവർട്ടറും സ്ഥാപിച്ചു. വാളയാർ ചെക്ക്പോസ്റ്റിൽ ചരക്ക് വാഹനങ്ങളുമായി എത്തുന്നവരുടെ സഹായത്തിനായി ഹെൽപ്പ്ഡെസ്ക് ഏർപ്പെടുത്തി. നികുതി വിധേയമല്ലാത്ത വാഹനങ്ങൾ താമസംവിനാ കടത്തിവിടുന്നതിന് പ്രത്യേക ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി. വാഹനങ്ങളുടെ നീക്കം നിയന്ത്രിക്കുന്നതിനായി മലയാളം, തമിഴ്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ മൈക്ക് അനൗൺസ്മെന്റ് ഏർപ്പെടുത്തി. വേലാന്താവളം ചെക്ക്പോസ്റ്റ് സൗകര്യപ്രദമല്ലാത്ത സ്ഥലത്തുനിന്നും കോഴിപ്പാറ എന്ന സ്ഥലത്തേക്ക് മാറ്റി പുതിയ കെട്ടിടത്തിൽ സ്ഥാപിച്ചു.

33 (*137) <u>കേരളത്തിലെ വനസംരക്ഷണം</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിൽ 11271.66 ച.കി.മീ. വന വിസ്തൃതിയുള്ളതിൽ 9342.80 ച.കി.മീ.റിസർവ് വനമാണെന്നറിയിച്ചു. ശേഷിക്കുന്ന 1838.13 ച.കി.മീ. നിക്ഷിപ്ത വനവും 90.73 ച.കി.മീ. റിസർവ് ആക്കാൻ ഉദ്ദേശിക്കുന്ന വനഭൂമിയുമാണ്. 500.02 ച.കി.മീറ്റർ വനഭൂമി ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ കൈവശമുണ്ട്. വനസംരക്ഷണത്തിന്റേയും മരം വച്ചുപിടിപ്പിക്കുന്നതിന്റേയും ഭാഗമായി കാലാവധി പൂർത്തിയായ തേക്ക്, പൾപ്പ് വുഡ് മുതലായ പ്ലാന്റേഷനുകൾ മുറിച്ചുമാറ്റി ആ സ്ഥലങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നു. ക്ഷയോന്മുഖമായ വനങ്ങളിൽ മുള, മരുന്നുചെടികൾ, തടിയേതര വനവിഭവങ്ങളുടെ ചെടികൾ മുതലായവ നട്ടുപിടിപ്പിക്കുന്നുണ്ട്. വനേതര ഭൂമികളിലെ മരങ്ങൾ നടുന്നതിനെ

പ്രോൽസാഹിപ്പിക്കുന്നതിനുള്ള നിയമഭേദഗതികൾ നടപ്പിലാക്കിയിട്ടുണ്ട്. വനേതര ഭൂമിയിൽ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി 'എന്റെ മരം', 'വഴിയോരതണൽ പദ്ധതി', 'ഹരിത തീരം' മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

28 (865) പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി വിതരണം

ഈ ഗവണ്മെന്റ് അധികാരമേറ്റശേഷം 302 പട്ടികവർഗ്ഗകുടുംബങ്ങൾക്കായി 129.79 ഏക്കർ ഭൂമിക്ക് പട്ടയം നൽകിയതുകൂടാതെ 2086 പേർക്ക് 3238.59 ഏക്കർ സ്ഥലത്തിന് കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്.

29 (882) സൗജന്യ വൈദ്യുതി

1-8-1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും 1-4-1997 മുതൽ 2 ഹെക്ടറിൽ കവിയാത്ത മറ്റു കൃഷിവിളകൾക്കും 500 വാട്ട് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസ വൈദ്യുതി ഉപഭോഗം 20 യൂണിറ്റു വരെയുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്കും വൈദ്യുതി സൗജന്യം നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗജന്യ വൈദ്യുതി കണക്ഷനുവേണ്ടി 255472 അപേക്ഷകൾ ലഭിച്ചതിൽ 131825 ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

30(888) <u>സ്മാർട്ട് സിറ്റിക്കുവേണ്ടി കെ.എസ്.ഇ.ബി. ഭൂമി നൽകുന്നതുസംബന്ധിച്ച്</u>

കൊച്ചിയിലെ ബ്രഹ്മപുരം ഡീസൽ നിലയത്തിനുവേണ്ടി കെ.എസ്.ഇ.ബി. അക്വയർ ചെയ്ത ഭൂമിയിൽ 100 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റിക്കുവേണ്ടി കൈമാറാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

31 (896) <u>വൈദ്യുതി ബോർഡിന്റെ ചെലവ്</u>

സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2006-07 സാമ്പത്തിക വർഷത്തിലെ താൽക്കാലിക വാർഷിക കണക്കുപ്രകാരം ആഭ്യന്തരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി പ്രസ്തുതവർഷത്തിൽ 299.81 കോടി രൂപയും കേന്ദ്രപൂളിൽനിന്നും മറ്റു മേഖലകളിൽനിന്നും വൈദ്യുതി വാങ്ങിയതിനുവേണ്ടി 1629.30 കോടി രൂപയും ചെലവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2007 ജൂലൈ മാസം വരെ 585887 വൈദ്യുതി കണക്ഷനുകൾ നൽകുകയുണ്ടായി.

32 (900) <u>ഹൈഡൽ ടൂറിസം പദ്ധതികൾ</u>

സംസ്ഥാനത്ത് വയനാട് സർക്യൂട്ടിലെ ബാണാസുരസാഗർ, അതിരപ്പിള്ളി സർക്യൂട്ടിലെ പൊരിങ്ങൽക്കുത്ത്, മൂന്നാർ സർക്യൂട്ടിലെ മൂന്നാർ, മാട്ടുപ്പെട്ടി, കുണ്ടള, എക്കോപോയിന്റ്, ഇടുക്കി സർക്യൂട്ടിലെ നാടുകാണി (ഇടുക്കി), തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി എന്നിവിടങ്ങളിലായി ഇപ്പോൾ ഒൻപത് ഹൈഡൽ ടൂറിസം പദ്ധതികളാണ് നിലവിലുള്ളത്.

33 (931) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

അക്കൗണ്ടന്റ് ജനറലിന്റെ ജൂൺ 30-ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 965.69 കോടി രൂപയും ധനക്കമ്മി 1167.19 കോടി രൂപയും പൊതുകടം 50138.43 കോടി രൂപയുമായിരുന്നു. സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനായി വരുമാനച്ചോർച്ച തടയുന്നതിനും പുതിയ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

34 (945) ക്ഷേമപദ്ധതികൾക്ക് അനുവദിച്ച തുക

ഓണത്തോടനുബന്ധിച്ച് വിവിധ ക്ഷേമ പദ്ധതികൾക്കായി മൊത്തം 167.47 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

35 (953) കരാറുകാർക്കുള്ള കുടിശ്ശിക

ലഭ്യമായ കണക്കുപ്രകാരം 816.19 കോടി രൂപ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുണ്ട്. നടപ്പുവർഷത്തിൽ 514 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകിയിട്ടുണ്ട്.

36 (959) ചെക്ക്പോസ്റ്റുകളിലെ സോഷ്യൽ ഓഡിറ്റിംഗ്

പാലക്കാട് ജില്ലയിലെ വിവിധ ചെക്ക്പോസ്റ്റുകളിലെ അഴിമതി ഒഴിവാക്കാൻ . 11-10-2007 മുതൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്താൻ നിശ്ചയിച്ചിട്ടുണ്ട്.

37 (968) ട്രഷറികളിൽ ജനറേറ്ററുകൾ സ്ഥാപിക്കൽ

25.5.2007-ലെ സർക്കാർ ഉത്തരവുപ്രകാരം 118 ട്രഷറികൾക്ക് ജനറേറ്റർ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

38 (987) അപകട ഇൻഷ്വറൻസ് പദ്ധതി

സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പരമാവധി ഏഴ് ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കുന്ന പുതിയ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാർഷിക പ്രീമിയമായി 50 രൂപയാണ് അടയ്ക്കേണ്ടത്. ഈ പദ്ധതി പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പ്രീമിയത്തിന്റേയും റിസ്ക്കിന്റേയും കാര്യത്തിൽ ഒരു കോ-ഇൻഷ്വറർ ആയിരിക്കും.

39 (1013) രജിസ്ട്രേഷൻ സുതാര്യമാക്കുവാൻ നടപടി

ആധാരപ്പകർപ്പുകൾ അപേക്ഷകർക്ക് കാലതാമസം കൂടാതെ നൽകുന്നതിനുള്ള ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം സംസ്ഥാനത്തെ 110 സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്ഥാപിക്കുകയും ആയതു വിജയകരമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 199 സബ് രജ്സ്ട്രാർ ഓഫീസുകളിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കുന്നതിനായി 4-5-2007-ലെ ഉത്തരവുപ്രകാരം നടപ്പിലാക്കിയ കേരളാ രജിസ്ട്രേഷൻ ചട്ടഭേദഗതിയനുസരിച്ച് രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ ഫോട്ടോയും വിരൽപ്പതിപ്പും ആധാരത്തിൽ

പതിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിലയാധാരങ്ങളിൽ വാങ്ങുന്നയാളുടേയും വിൽക്കുന്നയാളുടേയും ഫോട്ടോയും വിരൽപ്പതിപ്പും പതിച്ചിരിക്കണം. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുകളുടെ അനന്യത തെളിയിക്കുന്നതിനായി ഐഡന്റിറ്റി കാർഡും നിർബന്ധമാക്കിയിട്ടുണ്ട്.